# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1288** **03.10.2016 ലെ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ചികിത്സ സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | **ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ചികിത്സ സഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സമയ ബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുമോ ; | (എ) മുഖ്യമന്ത്രിയുടെ ചികിത്സാ സഹായത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ മാറാക്കര വില്ലേജിലെ അബ്ദുറഹ്മാൻ, പിലാത്തറ വളാഞ്ചേരി വില്ലേജിലെ നിഹാൽ റോഷൻ, കോട്ടക്കൽ വില്ലേജിലെ മുഹമ്മദ് സാഹിദ്, മുസ്തഫ മണായപ്പുറം, മേൽമുറി വില്ലേജിലെ ചെമ്പൻ വേലായുധൻ, അബ്ദുസലാം മുനമ്പത്ത്, സുഹറ എന്നിവരുടെ ചികിത്സാ സഹായത്തിനായി സമർപ്പിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) യും (സി) യും മാറാക്കര വില്ലേജിലെ അബ്ദുറഹ്മാൻ, മേൽമുറി വില്ലേജിലെ അബ്ദുസലാം മുനമ്പത്ത് എന്നിവരുടെ അപേക്ഷകൾ സർക്കാരിൽ ലഭിച്ചതായി കാണുന്നില്ല. പിലാത്തറ വളാഞ്ചേരി വില്ലേജിലെ നിഹാൽ റോഷൻ, കോട്ടക്കൽ വില്ലേജിലെ മുസ്തഫ മണായപ്പുറം, മേൽമുറി വില്ലേജിലെ ചെമ്പൻ വേലായുധൻ, സുഹറ എന്നിവരുടെ അപേക്ഷകൾ ചികിത്സാ ധനസഹായം അനുവദിക്കുന്നതിലേയ്ക്ക് സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) പ്രസ്തുത അപേക്ഷകളിന്മേൽ മുഖ്യമന്ത്രിയുടെ ചികിത്സാ സഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ